5741

"ഭരണഭാഷ – മാതൃഭാഷ"

നം: DGE/5538/2021-N2 (2)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 30/09/2021

**സർക്കുലർ**

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പ് വിഭാഗം - കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ - സ്കൂളുകളുടെ രജിസ്ട്രേഷൻ - 2021-22 - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച് :-

സൂചന :- 1. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം /കത്ത് നമ്പർ.എസ്.എസ്.-15/04/2021-Scholarship-MoMA,തീയതി.25/08/2021
2. കേന്ദ്ര സാമൂഹിക നീതി മന്ത്രാലയത്തിന്റെ വിജ്ഞാപനം /കത്ത് നമ്പർ. D-12011/09/2021-DBT- തീയതി. 17/08/2021
3. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ മുൻ നിർദ്ദേശങ്ങൾ
4. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ നിർദേശങ്ങൾ

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കി വരുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ -മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് എന്നിവക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ട് കേന്ദ്രസർക്കാർ സൂചനകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സ്കോളർഷിപ്പുകൾക്ക് അർഹരായ കുട്ടികൾക്ക് അപേക്ഷിക്കുന്നതിനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സംസ്ഥാനത്തെ എല്ലാ സർക്കാർ /എയ്ഡഡ്/പ്രൈവറ്റ് സ്കൂളുകളും (യു-ഡൈസ് കോഡ് ലഭ്യമായവ) നിർബന്ധമായും പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്. **<u>2021-22 അദ്ധ്യയന വർഷത്തിൽ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിനുള്ള സമയ പരിധി 2021 നവംബർ 15 വരെയാണ്.</u>**

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂളുകൾ /സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാത്തതിനാൽ കുട്ടികൾക്ക് മേൽ പറഞ്ഞ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം നഷ്ടമാകാതിരിക്കാൻ എല്ലാ സ്കൂൾ അധികൃതരും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

1.നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിലവിൽ ലോഗിൻ ലഭ്യമായിട്ടുള്ള ( INO/Institute Head ) സ്കൂളുകൾക്ക് യൂസർ ഐ.ഡി/പാസ്സ്‌വേർഡ്/മൊബൈൽ നമ്പർ എന്നിവ റീ-സെറ്റ് ചെയ്യുന്നതിന്, റീ-സെറ്റ് ചെയ്യേണ്ട ആളുടെ (പ്രഥമാധ്യാപകർ/നോഡൽ ഓഫീസർ ) ആധാർ നമ്പർ , പേര് , ജനന തീയതി, ജൻഡർ, ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, സ്കൂളിന്റെ U-DISE നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ രേഖാമൂലമുള്ള അപേക്ഷ (ആധാർ-ന്റെ പകർപ്പ് സഹിതം) അതാത് ജില്ലാ നോഡൽ ഓഫീസറുടെ (DDE) കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

2. U - Dise കോഡ് ലഭിച്ചിട്ടുള്ള സ്കൂളുകൾക്ക് മാത്രമേ നാഷണൽ സ്കോളർഷിപ്പ്

പോർട്ടലിൽ (NSP 2.0) രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.

3. പ്രഥമാധ്യാപകനും, സ്കൂൾ നോഡൽ ഓഫീസർക്കും ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ആവശ്യമാണ്.

4. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ **(www.scholarships.gov.in** എന്ന വെബ്സൈറ്റിൽ) **Important Documents- Institute Operational Manual** എന്ന ലിങ്കിൽ ലഭ്യമാണ്.

5. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സ്കൂളുകളിലും സ്കോളർഷിപ്പ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടോ അതിലധികമോ വർഷം സർവ്വീസ് ശേഷിക്കുന്ന ഏതെങ്കിലും അധ്യാപകനെ നോഡൽ ഓഫീസറായി പ്രധാനാധ്യാപകൻ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

7. 2021-22 വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ സ്കൂൾ തല വെരിഫിക്കേഷൻ ആരംഭിക്കുന്നതിന് മുൻപ്, ഇൻസ്റ്റിട്യൂട്ട് ലെവൽ നോഡൽ ഓഫീസറുടെ ആധാർ വിവരങ്ങൾ നൽകിയിട്ടില്ലാത്തവർ ആയത് രേഖപ്പെടുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതും, തുടർന്ന് ആധാർ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിലേക്ക് ലഭിക്കുന്ന ഒ.ടി.പി. യഥാവിധി നൽകി അപ്ഡേഷൻ പൂർത്തിയാക്കേണ്ടതുമാണ് .

7.നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളെ/സ്ഥാപനത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വ്യക്തവും കൃത്യതയുള്ളതും ആയിരിക്കണം.

8. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന പ്രഥമാധ്യാപകൻ /നോഡൽ ഓഫീസർ മൊബൈൽ ഫോൺ നമ്പർ എന്നിവ ഒരു കാരണവശാലും ഇടയ്ക്ക് വച്ച് മാറ്റാൻ പാടുള്ളതല്ല.

9. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി നൽകുന്ന വിവരങ്ങൾ 'തെറ്റായി' നൽകിയാൽ പിന്നീട് തിരുത്തൽ വരുത്താൻ സാധിക്കുന്നതല്ല.

10. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്കൂളുകൾ ഒരു സാഹചര്യത്തിലും വീണ്ടും രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

**നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ സ്കൂൾ രജിസ്ട്രേഷൻ – നടപടി ക്രമങ്ങൾ**

1.നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പുതുതായി സ്കൂൾ രജിസ്റ്റർ ചെയ്യുന്നതിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ സർവീസസ് വിഭാഗത്തിൽ കാണപ്പെടുന്ന " INSTITUTE KYC REGISTRATION FORM " എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.

2. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂളിന്റെ വിവരങ്ങൾ പുതുതായി രജിസ്റ്റർ (KYC registration) ചെയ്യുന്നതിന് സ്കൂൾ നോഡൽ ഓഫീസറുടെ ഫോട്ടോ പതിപ്പിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ (ആധാർ, ഇലക്ഷൻ ഐ ഡി, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ) 50 kb ക്കും 200 kb ക്കും ഇടയിലുള്ള pdf /jpeg ഫോർമാറ്റിൽ കരുതേണ്ടതാണ്.

3. KYC രജിസ്ട്രേഷൻ നടത്തുന്നതിനായി UDISE കോഡും Captcha Code ഉം നൽകി "SUBMIT" ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിലെ "Continue with Aadhar Verification" എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

4. തുടർന്ന് വരുന്ന സ്ക്രീനിൽ, നോഡൽ ഓഫീസറുടെയും സ്കൂൾ മേലധികാരിയുടെയും ആധാർ നമ്പർ , പേര് , ജനന തീയതി, ജൻഡർ , ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതുണ്ട്. രജിസ്ട്രേഷൻ പ്രക്രിയ സമയത്ത് UIDAI മുഖാന്തരം പരിശോധിക്കുമെന്നതിനാൽ വിവരങ്ങൾ തെറ്റ് കൂടാതെ രേഖപ്പെടുത്താൻ ശ്രദ്ധിക്കുക.

5.മൊബൈൽ നമ്പർ ഒഴികെയുള്ള മറ്റു വിവരങ്ങൾ ആധാറിലേതു പോലെ നൽകിയിട്ടും <u>DATA MISMATCH</u> കാണിക്കുകയാണെങ്കിൽ ആധാർ നമ്പറിലേക്ക് നിലവിലുള്ള മൊബൈൽ നമ്പർ അക്ഷയാ കേന്ദ്രവുമായി ബന്ധപ്പെട്ട് അപ്ഡേറ്റ് ചെയ്ത് നൽകിയ ശേഷം വീണ്ടും KYC രജിസ്റ്റർ ചെയ്യുക.

6. തുടർന്ന് നോഡൽ ഓഫീസറുടെ തിരിച്ചറിയൽ രേഖ **(50 kb ക്കും 200 kb ക്കും ഇടയിലുള്ള pdf /jpeg ഫോർമാറ്റിൽ** )അപ്‌ലോഡ് ചെയ്യുക . സ്കൂളിന്റെ മേൽവിലാസം , email id ഉൾപ്പെടെയുള്ള മറ്റു വിവരങ്ങൾ പൂരിപ്പിച്ച ശേഷം submit ബട്ടൺ ക്ലിക്ക് ചെയ്യുക.

7. ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസറുടെ ഫോണിൽ വരുന്ന OTP നൽകി അതോടൊപ്പം കാണുന്ന PRINT ബട്ടൺ ക്ലിക്ക് ചെയ്ത് KYC രജിസ്ട്രേഷൻ ഫോം പ്രിന്റ് എടുക്കുകയും, അതിൽ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസറുടെ പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിച്ച ശേഷം, സാക്ഷ്യപ്പെടുത്തിയ കോപ്പി ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസർ (വിദ്യാഭ്യാസ ഉപഡയറക്ടർ)ക്ക് സമർപ്പിക്കേണ്ടതാണ് .

8. ജില്ലാ നോഡൽ ഓഫീസറുടെ അംഗീകാരത്തിന് ശേഷം ഫോണിൽ ലഭ്യമാകുന്ന യൂസർ ഐ.ഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് INSTITUTE LOGIN പേജിലെ യൂസർ ടൈപ്പ് എന്നുള്ളത് Head of the Institute /Institute Nodal officer എന്നിങ്ങനെ സെലക്ട് ചെയ്ത് യഥാക്രമം പ്രധാനാധ്യാപകനും നോഡൽ ഓഫീസർക്കും ലോഗിൻ ചെയ്യാവുന്നതാണ്. <u>INSTITUTE LOGIN പേജിലെ യൂസർ ടൈപ്പ് എന്നുള്ളത് Head of the Institute എന്നിങ്ങനെ സെലക്ട് ചെയ്ത് നോഡൽ ഓഫീസർക്ക് ലഭിക്കുന്ന യൂസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം പാസ്സ്‌വേർഡ് റീ സെറ്റ് ചെയ്ത് നൽകി കൊണ്ട് " INSTITUTE HEAD LOGIN " ക്രമീകരിക്കാവുന്നതാണ്.</u>

9 മേല്പറഞ്ഞ നടപടി ക്രമങ്ങളിലൂടെ സ്കൂൾ രജിസ്ട്രേഷൻ നടത്തിയ ശേഷം മാത്രം കുട്ടികൾക്ക് ഓൺലൈൻ അപേക്ഷ (ഫ്രഷ് / റിന്യൂവൽ) സമർപ്പിക്കാൻ സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും നിർദേശം നൽകേണ്ടതാണ്.

10. ആവശ്യമായ കോഴ്സ് ലെവൽ /ക്ലാസുകൾ സെലക്ട് ചെയ്ത് കൂട്ടിച്ചേർക്കൽ / കുറവ് (Institute Log In-Administration-Add Update Details എന്നതിൽ) വരുത്താവുന്നതാണ്.

11 .2020-21 വർഷം മുതൽ നാഷണൽ .സ്കോളർഷിപ്പ് പോർട്ടലിൽ അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, മറ്റിനങ്ങളിലുള്ള ഫീ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂഷൻ /സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. ഏതെങ്കിലും കുട്ടികൾക്ക് സ്കൂൾ തലത്തിൽ ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ, ടി കുട്ടികളുടേത് മാത്രം പ്രത്യേകം രേഖപ്പെടുത്തുന്നതിനും സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. സ്കൂൾ പ്രൊഫൈലിൽ സ്കൂൾ അധികൃതർ രേഖപ്പെടുത്തുന്ന മേൽ പറഞ്ഞ പ്രകാരമുള്ള ഫീസുകൾ കുട്ടികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള ആപ്ലിക്കേഷനിൽ സോഫ്റ്റ് വെയർ മുഖാന്തരം രേഖപ്പെടുത്തുന്നതാണ്.

12. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക്, സ്കൂൾ /ക്ലാസ് എന്നിവ ശരിയായി ക്രമീകരിക്കുന്നതിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ പ്രൊഫൈൽ അതാത് സ്കൂൾ നോഡൽ ഓഫീസർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**ജില്ലാ നോഡൽ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ**

1. സ്കൂളിൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ രേഖയുടെ പകർപ്പിലെ ഐ.ഡി നമ്പരും മറ്റ് വിവരങ്ങളും പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പാക്കിയ ശേഷം മാത്രം ജില്ലാ നോഡൽ ഓഫീസർമാർ (വിദ്യാഭ്യാസ ഉപഡയറക്ടർ) കൺഫർമേഷൻ നൽകേണ്ടതാണ്.

2. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന പൂരിപ്പിച്ച National Scholarship Portal-ൽ നിന്നുള്ള രജിസ്ട്രേഷൻ ഫോം വാങ്ങി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

3.സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ജില്ലാ നോഡൽ ഓഫീസറുടെ കാര്യാലയം മുഖാന്തരം അംഗീകാരം നൽകാൻ കഴിയാത്തതും, പ്രൊഫൈൽ എഡിറ്റ് ചെയ്ത് നൽകാൻ കഴിയാത്തതുമായ സ്കൂളുകളുടെ വിവരം മാത്രം അതാത് ജില്ലാ നോഡൽ ഓഫീസർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്കൂളുകളോട് നേരിട്ട് (പാസ് വേർഡ് റീ-സെറ്റ്/മൊബൈൽ നമ്പർ മാറ്റി നൽകുന്നത് ഉൾപ്പടെ ) സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകാൻ പാടുള്ളതല്ല.

4. മേൽ വിവരങ്ങൾ സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽ വരത്തക്കവണ്ണം അറിയിപ്പ് നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ <u>04713567564, 9496304015, 8330818477</u> എന്നീ നമ്പറുകളിൽ വിളിച്ച് വിവരങ്ങൾ തേടാവുന്നതാണ്.

വിശ്വസ്തതയോടെ,

Signature valid
Digitally signed by SHINE MON M K
Date: 2021.09.30 10:58:59 IST
Reason: Approved

എം.കെ.ഷൈൻ മോൻ
പെൻ നം.425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്) &
നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)

പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ , KITE
(സർക്കുലർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.)
2.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3.ജില്ലാ/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
4.എല്ലാസർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലേയും പ്രഥമാധ്യാപകർക്കും

ഉത്തരവ് നമ്പർ:
A3/5037/2021 തിയതി: 1/10/21

എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.